**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ല-എരിമയൂർ ഗ്രാമപഞ്ചായത്ത് - 1997-98 മുതൽ 2004-05 വരെ വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ) നം.3897/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30.12.2015

---

പരാമർശം: 1.പഞ്ചായത്ത് ഡയറക്ടറുടെ 11.05.2015 തീയതിയിലെ എം3-13073/15 നം. കത്ത്

2.എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ 28.02.2014 തീയതിയിലെ യോഗത്തിലെ 9(എം) നം. തീരുമാനം.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ എരിമയൂർ ഗ്രാമപഞ്ചായത്തിലെ 1997-98 മുതൽ 2004-05 വരെ വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിലെ ഖണ്ഡിക IV പ്രകാരം തടസ്സപ്പെടുത്തിയ 7,39,737 രൂപക്ക് സർക്കാർ സാധൂകരണം നൽകണമെന്ന എരിമയൂർ ഗ്രാമപഞ്ചായത്തിന്റെ പരാമർശം 2-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം 1-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

കുടിവെള്ള പദ്ധതിയിലെ പമ്പ്ഹൌസുകളിലെ ലൈറ്റിന് പ്രത്യേകം മീറ്റർ വെക്കാത്തതിനാലുണ്ടായ പഞ്ചായത്തിന് ഒഴിവാക്കാമായിരുന്ന അധികചെലവാണ് തടസ്സപ്പെടുത്തിയിട്ടുള്ളത്.വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച് കുടിവെള്ള വിതരണം മുടങ്ങുന്ന അവസ്ഥ ഒഴിവാക്കാനാണ് വൈദ്യുതി ചാർജ്ജ് ഒടുക്കിയതെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച സദുദ്ദേശപരമായ പ്രവൃത്തിയായതിനാലും, മറ്റ് ക്രമക്കേടുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതിനാലും, പരാമർശം 1-ലെ അപേക്ഷ, പരാമർശം 2-ലെ യോഗ തീരുമാനം എന്നിവ പരിഗണിച്ചും മേലിൽ ഇത്തരം വീഴ്ച

ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെയും എരിമയൂർ ഗ്രാമപഞ്ചായത്തിലെ 1997-98 മുതൽ 2004-05 വരെ വർഷങ്ങളിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിലെ ഖണ്ഡിക IV പ്രകാരം തടസ്സപ്പെടുത്തിയ 7,39,737 (ഏഴ് ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി എഴുന്നൂറ്റി മുപ്പത്തേഴ് മാത്രം) രൂപക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, എരിമയൂർ ഗ്രാമ പഞ്ചായത്ത്, പാലക്കാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം,തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ